പാഠം 11

# സ്നേഹം വളർത്തുന്നു

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശ. 55:1–7; 55:6–13; 58:1–12; 58:13,14.**

**മനഃപാഠവാക്യം: "വിശപ്പുള്ളവനോടു നീ താല്പര്യം കാണിക്കയും കഷ്ട ത്തിൽ ഇരിക്കുന്നവനു തൃപ്തിവരുത്തുകയും ചെയ്യുമെങ്കിൽ നിന്റെ പ്രകാശം ഇരു ളിൽ ഉദിക്കും; നിന്റെ അന്ധകാരം മദ്ധ്യാഹ്നം പോലെയാകും" (യെശ. 58:10).**

നെബ്രാസ്കായിലെ ലിങ്കണിൽ താമസിച്ചിരുന്ന ഒരു യെഹൂദാ കാന്റിനും (ആരാധനയ്ക്ക് നേതൃത്വം നൽകുന്ന ആൾ) അവന്റെ ഭാര്യയ്ക്കും, അശ്ലീലമായതും ഭീഷണിപ്പെടുത്തുന്നതുമായ ഫോൺ വിളികൾ ലഭിച്ചു തുടങ്ങി. അമേരിക്കയിലുള്ള ഒരു മതവൈര്യകൂട്ടമായ ക്യൂക്ലക്സ് ക്ലാൻ–ന്റെ നേതാക്കന്മാരിൽ ഒരാളിൽനിന്നാണ് വിളികൾ വരുന്നതെന്ന് അവർ കണ്ടെത്തി. ആളാരാണെന്ന് മനസ്സിലായതുകൊണ്ട് അവർക്കു വേണമെങ്കിൽ അവനെ പോലീസിന് ഏല്പിച്ചു കൊടുക്കാമായിരുന്നു. എന്നാൽ അവർ ഒരു സമൂലമായ സമീപനത്തിന് തീരുമാനിച്ചു. അവൻ ഒരു മുടന്ത നാണെന്നു മനസ്സിലാക്കിയപ്പോൾ, അവർ ഭക്ഷണവുമായി അവന്റെ വീട്ടുപടിക്ക ലെത്തി! അവൻ തികച്ചും അത്ഭുതപ്പെട്ടുപോയി. അവരുടെ സ്നേഹത്തിനുമുമ്പിൽ അവന്റെ വെറുപ്പ് അലിഞ്ഞു. ആ ദമ്പതികൾ തുടർന്നും അവനെ സന്ദർശിച്ചു, സൗഹൃദം വളർന്നു. അവൻ യെഹൂദനാകാം എന്നുവരെ ചിന്തിച്ചു!

**"അന്യായ ബന്ധനങ്ങളെ അഴിക്കുക നുകത്തിന്റെ അമിക്കയറുകളെ അഴുക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക എല്ലാ നുകത്തെയും തകർക്കുക; ഇത ല്ലയോ എനിക്ക് ഇഷ്ടമുള്ള ഉപവാസം?" (യെശ. 58:6,7).**

വിരോധാഭാസമെന്ന് പറയട്ടെ, ലിങ്കണിലെ ദമ്പതികൾ അവരുടെ ഉപവാസം നട ത്തിയത് വിശന്നിരുന്ന ഒരു മർദ്ദകനുമായി അവരുടെ സദ്യ പങ്കുവെച്ചാണ്, അതി ലൂടെ അവന്റെ സ്വന്തം അന്യായ മുൻവിധിയുടെ ചങ്ങലകളിൽനിന്ന് അവനെ സ്വത ന്ത്രനാക്കി!

**യെശയ്യാ പ്രവാചകനാൽ ചിത്രീകരിക്കപ്പെട്ട ഈ പ്രധാന ആത്മീയ തത്വത്തെ ക്കുറിച്ച് നമുക്ക് കൂടുതലായി പഠിക്കാം.**

***ഈ ആഴ്ചയിലെ പാഠം പഠിച്ച് മാർച്ച് 13 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## സൗജന്യമായി എന്തെങ്കിലും വാങ്ങുകയോ? (യെശ. 55:1–7).

**ഈ വാക്യം വായിക്കുക: "അല്ലയോ ദാഹിക്കുന്ന ഏവരും... വന്നുവാങ്ങി തിന്നുവിൻ" (യെശ. 55:1) എന്ത് വൈരുദ്ധ്യമാണ് നിങ്ങൾ ഇവിടെ കാണുന്നത്?**

നിങ്ങൾ ആഹാരവുമായി ഒരു വലിയ നഗരത്തിലെ തെരുവിൽനിന്ന് അവിടുള്ള ഭവനരഹിതരോടും വിശുക്കുന്നവരോടും വിളിച്ചു പറയുകയാണ്: "പണമില്ലാത്തവർ വന്ന് വാങ്ങി ഭക്ഷിക്കുക!". എന്നാൽ അവർക്കു പണമില്ല എങ്കിൽ അവർ എങ്ങനെ വാങ്ങും?

എന്നിരുന്നാലും, യെശയ്യാവ് കൂട്ടിച്ചേർത്തതുപോലെ "ദ്രവ്യവും വിലയും കൂടാതെ" എന്നു ചേർത്താൽ (യെശ. 55:1) കാര്യം വ്യക്തമാകും. ക്ഷമ സ്വീകരിക്കുവാൻ യെശയ്യാവ് ജനങ്ങളോട് ആഹ്വാനം ചെയ്യുന്നു (യെശ. 55:7) സൗജന്യമായി. എന്നിരുന്നാലും, "വാങ്ങുക" എന്ന വാക്ക് ഊന്നിപ്പറയുന്നത് ജനങ്ങളുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും നിറവേറാനായി ദൈവം അവർക്ക് നല്കുന്നത് മൂല്യമുള്ളതാണെന്നാണ്; അതിനാൽ, അത് സ്വീകരിക്കുക എന്നതിൽ ഒരു വ്യവഹാരം ഉൾപ്പെടുന്നു (വിലയുള്ള എന്തിന്റെയെങ്കിലും കൈമാറ്റം). അവന്റെ ജനങ്ങളുമായുള്ള ഒരു പുനഃസ്ഥാപിക്കപ്പെട്ട ഉടമ്പടി ബന്ധത്തിന്റെ ചട്ടക്കൂടിനുള്ളിൽ ദൈവം ക്ഷമ സൗജന്യമായി നല്കുന്നു, എന്നാൽ അത് അവന് സൗജന്യമായതു കൊണ്ടല്ല: അവന്റെ സ്വന്തം ദാസന്റെ രക്തം കുതിർന്ന വിലയാലാണ്.

**നമ്മുടെ രക്ഷയുടെ വില എന്തായിരുന്നു (1 പത്രൊസ് 1:18,19 കാണുക).**

യെശയ്യാവിന്റെ രക്ഷയോടുള്ള സമീപനം എങ്ങനെയാണ് പുതിയ നിയമത്തിന്റേതുമായി താരതമ്യമാകുന്നത് (എഫെ. 2:8,9).

യെശയ്യാവ് പഴയനിയമത്തിൽ സുവിശേഷത്തെ സംഗ്രഹിക്കുന്നു, അതാകട്ടെ പുതിയ നിയമത്തിലെ സുവിശേഷംപോലെ തന്നെയാണ്. പ്രവർത്തിയാലുള്ള രക്ഷ എന്ന "പഴയ ഉടമ്പടിക്ക്" കൃപായാലുള്ള രക്ഷ എന്ന "പുതിയ ഉടമ്പടി" ഇവിടെ പകരമാകുന്നില്ല. ആദാമിനോടും ഹവ്വായോടും ദൈവം ഒരു വീണ്ടെടുപ്പുകാരനെ വാഗ്ദാനം ചെയ്തതു മുതൽ (ഉല്പത്തി 3:15), രക്ഷയ്ക്ക് ഒരു മാർഗ്ഗമേ ഉണ്ടായിരുന്നുള്ളൂ: വിശ്വാസത്താലുള്ള കൃപയാൽ (എഫെസ്യർ 2:8); "ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമർ 6:23).

നിത്യജീവനുവേണ്ടിയുള്ള വിഫലമായ അന്വേഷണത്തിൽ ധീരമായ സാഹസികകൃത്യങ്ങൾ ചെയ്ത പുരാതനകാലത്തെ ഗിൽഗാമേഷ് മുതൽ, പുനർജ്ജന്മത്തിൽ വിശ്വസിക്കുന്ന ആധുനിക അഭിനേതാക്കൾവരെ, മനുഷ്യർക്ക് കഴിയാവുന്ന എല്ലാ രീതികളിലും രക്ഷയ്ക്കായി ശ്രമിച്ചിട്ടുണ്ട്, എന്നാൽ എല്ലാം വിഫലമായി. ഇതിനാലാണ് അവർ യേശുവിനെയും അവൻ അവർക്കുവേണ്ടി ക്രൂശിൽ നേടിയെടുത്തതിനെയും കുറിച്ച് അറിയേണ്ടത്.

**രക്ഷ ദാനമാണ് അതിനാൽ അത് നേടിയെടുക്കുവാൻ നമുക്ക് ഒന്നും ചെയ്യാനാകില്ല. നമ്മുടെ പ്രവർത്തികൾ നമ്മെ രക്ഷിക്കാനാകും വിധം ഒരിക്കലും നല്ലതല്ല. എന്നാൽ അതേ സമയത്ത്, നമ്മുടെ സകലതും അതിന് വിലയായും. അതിന്റെ അർത്ഥമെന്ത്? ഉദാഹരണത്തിന് മത്തായി 10:39; ലൂക്കൊസ് 9:23; 14:26; ഫിലി. 3:8 കാണുക).**

## ഉന്നതമായ വിചാരങ്ങളും വഴികളും (യെശ. 55:6–13).

**"ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ" (യെശ. 55:9) അവന്റെ വിചാരങ്ങളും വഴികളും നമ്മുടേതിനേക്കാൾ ഉയർന്നിരിക്കുന്നു എന്ന് എന്തു കൊണ്ടാണ് ദൈവം പറയുന്നത്? അതിന്റെ അർത്ഥം എന്താണ്?**

ഏറ്റവും ലളിതമായ വസ്തുക്കളിൽപോലും മർമ്മങ്ങൾ ഒളിഞ്ഞിരിക്കുന്ന പ്രപഞ്ചത്തെ സൃഷ്ടിച്ചവനായ ദൈവത്തെ നമ്മുടെ മനസ്സുകൾക്ക് പൂർണ്ണമായി അളക്കാനോ അവന്റെ വഴികൾ നമ്മുടേതിനേക്കാൾ ഉന്നതമാണെന്ന് മുഴുവനായി ഗ്രഹിക്കാനോ ആവില്ല എന്നതിന് ചോദ്യമേതുമില്ല. ആയതിനാൽ, അവന്റെ അനന്തമായ മേൽക്കോയ്മയുടെ അറിവ്, അവന്റെ സഹായം താഴ്മയോടെ സ്വീകരിക്കുന്നതിനെ എളുപ്പമാക്കും (യെശ. 57:15 കാണുക).

യെശ. 55:6–9 വായിക്കുക. നമുക്ക് ഭാവന ചെയ്യാവുന്നതിനും ഉന്നതമാണ് ദൈവത്തിന്റെ വിചാരങ്ങളും വഴികളും എന്നതിനെക്കുറിച്ചു ദൈവം സംസാരിക്കുന്ന പശ്ചാത്തലം എന്താണ്? നമുക്കു മനസ്സിലാക്കാൻ വളരെ ബുദ്ധിമുട്ടുള്ള എന്ത് കാര്യം ചെയ്യുമെന്നാണ് അവൻ പറയുന്നത്?

പ്രപഞ്ചത്തിലെ എല്ലാ വലിയ മർമ്മങ്ങളിലും വെച്ച്, ഏറ്റവും വലിയത് രക്ഷാപദ്ധതി ആണെന്നതിൽ സംശയമൊന്നുമില്ല; നമുക്ക് കഷ്ടിച്ചു മനസ്സിലാക്കാൻ കഴിയുന്ന ഒരു മർമ്മം. (എഫെ. 6:19 കാണുക). പ്രപഞ്ച സ്രഷ്ടാവ് മനുഷ്യത്വം ധരിക്കാനായി താഴേക്കു വരുമെന്നും അദ്ധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും ഒരു ജീവിതം നയിക്കുമെന്നും, പിന്നീടു നമുക്കുവേണ്ടി മരിക്കാൻ മാത്രമായി, പാപത്തിനു യാഗമായി. ഇതെല്ലാം ചെയ്തത് അവനു നമ്മോടു ക്ഷമിക്കാനും കരുണകാണിക്കാനും മാത്രമായിരുന്നു എന്ന സത്യം ദൈവത്തിന്റെ സൃഷ്ടികളുടെ ഹൃദയങ്ങളെ സകല കാലത്തിലും നിത്യതയോളവും അതീവ സന്തുഷ്ടമാക്കും.

"ദൂതന്മാർ നോക്കിക്കാണാൻ ആഗ്രഹിക്കുന്ന ഒന്നാണ് വീണ്ടെടുപ്പിന്റെ കേന്ദ്ര ആശയം: അതു നിത്യതയുടെ അന്തമില്ലാത്ത നാളുകളിലുടനീളം വീണ്ടെടുക്കപ്പെട്ടവരുടെ ഗാനവുമായിരിക്കും. ഇപ്പോൾ അതേക്കുറിച്ചു ശ്രദ്ധയോടെ ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്നത് യോഗ്യമല്ലേ?

"ഈ വിഷയം ഒരിക്കലും തീരാത്തതാണ്. ക്രിസ്തുവിന്റെ അവതാരത്തെയും, അവന്റെ പാപപരിഹാര യാഗത്തിന്റെയും, മദ്ധ്യസ്ഥ പ്രവർത്തനത്തിന്റെയും പഠനം സമയം നിലനില്ക്കുന്നിടത്തോളം കാലം ശുഷ്ക്കാന്തിയുള്ള വിദ്യാർത്ഥിയുടെ മനസ്സിനെ പ്രവർത്തനക്ഷമമാക്കും; അങ്ങനെ സ്വർഗ്ഗത്തിലേക്ക് അതിന്റെ എണ്ണമറ്റ വർഷങ്ങളിലേക്ക് നോക്കി, അവൻ ആശ്ചര്യത്തോടെ വിളിച്ചുപറയും, "ദൈവീകത്വത്തിന്റെ മർമ്മം മഹത്വകരമാണ്!" E. G. White, My Life Today, P. 360.

**നിങ്ങൾ ചെയ്തിട്ടുള്ള ചീത്തകാര്യങ്ങൾ നോക്കൂ: നിങ്ങൾ ഉപദ്രവിച്ചിട്ടുള്ള ആളുകൾ, നിങ്ങൾ പറഞ്ഞിട്ടുള്ള നിർദയമായ വാക്കുകൾ, നിങ്ങൾ മറ്റുള്ളവരെ നിരാശരാക്കിയ വിധങ്ങൾ, നിങ്ങളെ സ്വയം നിരാശരാക്കിയത് പറയുകയും വേണ്ട. എന്നിട്ടുകൂടി, യേശുവിലൂടെ, ഇതിനെല്ലാം നിങ്ങൾ ക്ഷമിക്കപ്പെടുകയും, ഇപ്പോൾ തന്നെ, ദൈവസൃഷ്ടിയിൽ പൂർണ്ണനായും നീതിമാനായും നില്ക്കാനാവും. അതൊരു മർമ്മം അല്ലെങ്കിൽ, പിന്നെ എന്താണ്?**

## നോമ്പു സുഹൃത്തുക്കൾ (യെശ. 58:1–8)

**യെശയ്യാവ് 58:3 ലെ "നോമ്പ്" എന്താണ്?**

ഇത് പാപപരിഹാര ദിവസത്തിലെ നോമ്പ് ആയിരിക്കാം, ദൈവം കല്പിച്ച ഏക നോമ്പ് (ലേവ്യ. 16:29; 31; 23:27–32). ഇത് യെശ. 58:3 ൽ സമാന്തര പ്രയോഗമായ "ആത്മതപനം" ചെയ്യുന്നു എന്നതിനാൽ ഉറപ്പിച്ചിരിക്കുന്നു, ഇതിനെ തുടർന്ന് ലേവ്യയിലെ പദപ്രയോഗം നടത്തുന്നു. ആത്മതപനം അല്ലെങ്കിൽ ഒരുവനെ തന്നെ ദണ്ഡിപ്പിക്കുന്നത് സ്വയ-ത്യാഗത്തിന്റെ വിവിധ രൂപങ്ങളായി പരാമർശിച്ചിട്ടുണ്ട്, നോമ്പ് ഉൾപ്പെടെ (സങ്കീ. 35:13 ഉം, ദാനി. 10:2,3,12 താരതമ്യം ചെയ്യുക).

"കാഹളം പോലെ നിന്റെ ശബ്ദം ഉയർത്തുക" (യെശ. 58:1) എന്ന ദൈവത്തിന്റെ കല്പന പാപപരിഹാര ദിവസത്തിന്റെ പശ്ചാത്തലം വിശദമാക്കുന്നു. ഇപ്രകാരമുള്ള ആട്ടുകൊറ്റന്റെ കൊമ്പുകൊണ്ടുള്ള കാഹളം, ഷോഫർ എന്ന് വിളിക്കുന്നു. പാപപരിഹാര ദിവസത്തിനു 10 ദിവസം മുമ്പ് കാഹളധ്വനികൾ ഓർമ്മപ്പെടുത്തലായി ധ്വനിപ്പിക്കേണ്ടതാണ് (ലേവ്യ. 23:24). ഇതിനുപുറമെ, എല്ലാ 15–ാം വർഷവും, പാപപരിഹാര ദിവസത്തിൽ, അത് സ്വാതന്ത്ര്യത്തിന്റെ യോബേൽ വർഷാരംഭം പ്രഖ്യാപിക്കേണ്ടതാണ് (ലേവ്യ. 25:9,10; യെശ. 27:13 ആയി താരതമ്യം ചെയ്യുക). യെശയ്യാവ് 58:3–7 വായിക്കുക. എന്തിനെക്കുറിച്ചാണ് ദൈവം അവരോടു പരാതി പറയുന്നത്? അവരുടെ "നോമ്പ്"നുള്ള തെറ്റ് എന്തായിരുന്നു?

അവരുടെ "ഭക്തി"ക്കായി ദൈവം അവരെ അഭിനന്ദിക്കുമെന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നതായി തോന്നി. നിശ്ചയമായും അവർ ചെയ്തതെല്ലാം പിന്നിലേക്കായിരുന്നു. പാപപരിഹാരദിവസം സ്വയം ത്യജിക്കൽ ശീലിച്ചത് സമാഗമന കൂടാരം ശുദ്ധീകരിക്കാൻ മഹാപുരോഹിതൻ ദൈവമുമ്പാകെ പോകുന്ന ദിവസം അവരുടെ നന്ദിയും കടപ്പാടും പ്രകടിപ്പിക്കുന്നതിനാണ്, ഈ പാപങ്ങൾ അവരോടു നേരത്തെ തന്നെ ക്ഷമിച്ചിരുന്നു (ലേവ്യ. 16, ലേവ്യ 4 മായി താരതമ്യം ചെയ്യുക). ന്യായവിധി ദിവസത്തിൽ അവരെ രക്ഷിച്ച ദൈവത്തോടുള്ള നന്ദിയും കടപ്പാടുമായിരിക്കണമായിരുന്നു. അവരുടെ പ്രവർത്തികൾ, അവരുടെ 'ഭക്തിക്കും' 'ആരാധനയ്ക്കും' ദൈവത്തിന്റെ അംഗീകാരം ലഭിക്കാൻ ആകരുതായിരുന്നു... എന്തുതന്നെ ആയാലും, ജനങ്ങളുടെ പാപമാണ് ദൈവത്തിന്റെ സമാഗമനകൂടാരത്തെ മലിനമാക്കിയത്. അതു രക്തത്താൽ ശുദ്ധീകരിക്കപ്പെടണമായിരുന്നു, അവർ ചെയ്തതിന്റെ ഫലമായാണ് രക്തം ചിന്തപ്പെട്ടത്.

സത്യമായും ക്രിസ്തുവിന്റെ ഒരു അനുയായി ആയിരിക്കുന്നതും വെറുതെ ഒരു മതവിശ്വാസി ആയിരിക്കുന്നതും തമ്മിലുള്ള വ്യത്യാസത്തിലേക്ക് ഈ വാക്യങ്ങളിൽനിന്നു വരുന്ന സുപ്രധാന പാഠങ്ങളിൽ ഒന്ന് വിരൽ ചൂണ്ടുന്നു. എങ്ങനെയാണ് അവിടെ നാം ആ വ്യത്യാസം കാണുന്നത്? വ്യക്തികളെന്ന നിലയിൽ, നാം എങ്ങനെയാണ് ഇവിടെ അവതരിപ്പിച്ചിരുന്ന വ്യക്തികൾ നേരിടുന്ന അതേ അപകടം അഭിമുഖീകരിക്കുന്നത്? ദൈവം ആവശ്യപ്പെടുന്ന പ്രകാരം നാം യഥാർത്ഥത്തിൽ അവനെ പിൻപറ്റുകയാണെന്ന് നമ്മുടെ മതപരമായ ആചാരങ്ങൾ കാണിക്കുന്നു. എന്ന് വിശ്വസിക്കുന്നു എന്ന കാര്യം.

## നോമ്പ് പോരാട്ടം (യെശ. 58:1–12).

പാപപരിഹാര ദിവസം തന്നെ ദൈവം അവരുടെ രാജാവാണെന്ന് ജയാരവം മുഴക്കിയതായി കാഹളധ്വനികൾ ദൈവജനത്തെ ഓർപ്പിച്ചതിനു 10 ദിവസങ്ങൾക്കു ശേഷം, സ്വയം ത്യജിക്കലിലൂടെയുള്ള അവരുടെ താഴ്മ രാജാവെന്ന നിലയിൽ അവനോടുള്ള കൂറ് ഉറപ്പിക്കയും ചെയ്തപ്പോൾ, പ്രവാചകൻ അവന്റെ ശബ്ദം ഒരു കാഹളം പോലെ ഉയർത്തി അവർ അവനെതിരെ മറിതലിക്കുന്നു എന്നു പ്രഖ്യാപിക്കുന്നു (യെശ. 58:1).

**യെശ. 58:6–12 വായിക്കുക. സ്വയം ത്യജിക്കലിന്റെ യഥാർത്ഥ പ്രവൃത്തികളായി ദൈവം കണക്കാക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്? ഏതായാലും, എന്താണ് കഠിനം. കുറച്ച് ഭക്ഷണം ഉപേക്ഷിക്കുകയോ അതോ നിങ്ങളുടെ പട്ടണത്തിലുള്ള ഭവനരഹിതരെ നിങ്ങളുടെ സമയവും പണവും മുടക്കി തീറ്റിപ്പോറ്റുന്നതോ? ഈ പ്രവൃത്തികൾക്ക് പിന്നിൽ കാണേണ്ട തത്വം എന്താണ്? എങ്ങനെയാണ് ഈ പ്രവൃത്തികൾ യഥാർത്ഥ മതത്തിൽ അടങ്ങിയിരിക്കുന്നത്?**

ആർക്കും മതപരമാകാൻ കഴിയും; ആർക്കും മതപരമായ ആചാരങ്ങളിലൂടെ കടന്നുപോകാം, ശരിയായ സമയത്ത്, സകലവിധമാകുന്ന ശരിയായ വ്യവസ്ഥകളിലൂടെയും. എന്നാൽ ദൈവത്തിനു വേണ്ടത് അത് മാത്രമല്ല. യേശുവിന്റെ ജീവിതം നോക്കുക. അവന്റെ കാലത്തെ മതപരമായ ആചാരങ്ങളോട് എത്രയധികം വിശ്വസ്തനായിരുന്നെങ്കിലും, സുവിശേഷ എഴുത്തുകാർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത് അവന്റെ കരുണാമയമായ പ്രവർത്തനങ്ങളിലാണ്, ആചാരങ്ങളോടുള്ള അവന്റെ വിശ്വസ്തതയേക്കൾ ആവശ്യമായവർക്ക് അവന്റെ സൗഖ്യമാക്കലും, ആഹാരം നല്കലും, ക്ഷമ നൽകലും, ദൈവം തേടുന്നത് ലോകത്തോട് സത്യം പ്രസംഗിക്കുന്ന ഒരു സഭയെയും ജനതയെയുമാണ്. എന്നാൽ യേശുവിലെന്നപോലെ എന്താണ് മനുഷ്യരെ സത്യത്തിലേക്ക് കൂടുതൽ ആകർഷിക്കുക: ആഹാര നിയമങ്ങൾ കർശനമായി പാലിക്കുന്നതോ അതോ വിശപ്പുള്ളവരെ സഹായിക്കാനുള്ള സന്നദ്ധതയോ? ശബ്ബത്തിലുള്ള കർശനമായ വിശ്രമമോ അതോ ആവശ്യത്തിലായിരിക്കുന്നവരെ നിങ്ങളുടെ സ്വന്തം സമയവും ഊർജ്ജവും ചിലവഴിച്ച് സഹായിക്കുന്നതിനുള്ള മനസ്സൊരുക്കമോ?

**മത്തായി 25–40 ഉം, യാക്കോബ് 1:27 ഉം വായിക്കുക: അവ എന്താണ് നമ്മോടു പറയുന്നത്?**

ദരിദ്രരെ ശുശ്രൂഷിക്കുന്നവർക്ക് വന്നുചേരും എന്ന് ദൈവം പറയുന്ന അനുഗ്രഹങ്ങളെക്കുറിച്ച് യെശ. 58 ൽ നോക്കുക. ഇവിടെ ദൈവം നമ്മോട് എന്താണു പറയുന്നതെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? നാം ഈ കാര്യങ്ങൾ ചെയ്താൽ അമാനുഷികമായ ഇടപെടലിന്റെ ഈ വാഗ്ദത്തങ്ങൾ നമ്മുടെ ജീവിതത്തിൽ നിറവേറുമോ? അതോ, ഒരു പക്ഷേ, സ്വാർത്ഥമായിരിക്കുന്നതിനും, അത്യാഗ്രഹമുള്ളവരായിരിക്കുന്നതിനും, സ്വന്തകാര്യം മാത്രം നോക്കുന്നതിനും വിരുദ്ധമായി നമുക്കുള്ളതിൽനിന്ന് മറ്റുള്ളവർക്കു കൊടുക്കുന്നതിലൂടെ സ്വാഭാവികമായി വന്നു ചേരുന്ന അനുഗ്രഹങ്ങളെക്കുറിച്ചാണോ അവൻ പറയുന്നത്? നിങ്ങളുടെ ഉത്തരം വിശദമാക്കുക.

## നമുക്കായി ഒരു സമയം (യെശ. 58:13,14).

**യെശ. 58:13,14 ൽ എന്തുകൊണ്ടാണ് യെശയ്യാവ് ശബ്ബത്ത് ചർച്ച ചെയ്യുന്നത്? മറ്റ് വാക്യങ്ങളിലെ പാപപരിഹാര ദിവസത്തിന്റെ പശ്ചാത്തലവുമായി ഇതിന് എന്ത് ബന്ധമാണ് ഉള്ളത്?**

വാർഷിക പാപപരിഹാര ദിവസം ഒരു ശബ്ബത്ത് ദിവസമായിരുന്നു. ഈ വിശേഷ മായ കർമ്മമാചാരണ ശബ്ബത്ത് ആഴ്ച തോറുമുള്ള ശബ്ബത്ത് പോലെ തന്നെ ഏതൊ രുവിധ വേലയും നിഷിദ്ധമായിരുന്നു (ലേവ്യ. 23:27–32). ആയതിനാൽ, ആദിമ സെവന്ത്ഡേ അഡ്വന്റിസ്റ്റുകാർ തിരിച്ചറിഞ്ഞതുപോലെ, പാപപരിഹാര ദിവസം കാലാവധിക്കുള്ള നിയമം സന്ധ്യ മുതൽ സന്ധ്യവരെ ആയിരുന്നു (ലേവ്യ 23:32) ഇതു നമ്മെ അറിയിക്കുന്നത് ആഴ്ചതോറുമുള്ള ശബ്ബത്തിനും ഇത് ബാധകമാണെ ന്നാണ്. ഇതുപോലെ, യെശ. 58:13,14 ന്റെ പ്രാഥമിക പശ്ചാത്തലം കർമ്മമാചരണ ദിന പാപപരിഹാര ശബ്ബത്ത് ആണെങ്കിലും, അതിന്റെ ദൂത് ആഴ്ചതോറുമുള്ള ശബ്ബ ത്തിനും ബാധകമാണ്.

യെശ. 58:13 വായിക്കുക. ശബ്ബത്ത് എപ്രകാരമുള്ള ഒരു ദിവസമായിരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്? നമുക്ക് എങ്ങനെയാണ് നമ്മുടെ ശബ്ബത്തിനെ ഇവിടെ ചിത്രീക രിച്ചിരിക്കുന്ന തരത്തിൽ ആക്കാൻ കഴിയുക? കൂടാതെ ശബ്ബത്ത് എന്തിനെ പ്രതിനി ധീകരിക്കുന്നു എന്നതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ, എന്തുകൊണ്ടാണ് അത് ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന ദിവസം ആയിരിക്കേണ്ടത്?

യെശ. 58 മൂന്ന് പ്രധാന കേന്ദ്ര ആശയങ്ങൾ കൈകാര്യം ചെയ്യുന്നു: സ്വയം ത്യജിക്കൽ, സാമൂഹിക ദയ, ശബ്ബത്ത്. അവ തമ്മിലുള്ള ബന്ധം എന്താണ്? ഒന്നാ മത്, മുന്നിലും ദൈവത്തിന്മേലുള്ള ഏകാഗ്രത ഉൾപ്പെട്ടിരിക്കുന്നു. അവന്റെ മുൻഗ ണനകളും നമുക്ക് അവന്റെ മേലുള്ള ആശ്രയത്തിന്റെ അംഗീകാരവും. രണ്ടാമത്, ഇവ മുന്നും ചെയ്യുന്നതിലൂടെ, മനുഷ്യർ ദൈവത്തെ അനുകരിച്ച് വിശുദ്ധിയെ പിന്തു ടരുന്നു (ലേവ്യ. 19:2 കാണുക). ക്രിസ്തുവിന്റെ രൂപത്തിൽ അവനെത്തന്നെ താഴ്ത്തി (ഫിലി. 2:8).

അവൻ സ്വയ-ത്യാഗ ദയ പ്രദർശിപ്പിക്കുന്നു (യോഹ. 3:16). സൃഷ്ടിവാരത്തിന്റെ അന്ത്യത്തിൽ അവൻ വേല നിർത്തി. ശബ്ബത്ത് ആചരിച്ചു (ഉല്പത്തി 2:2,3; പുറ 20:11).

യെശ. 58 ൽ ചിത്രീകരിച്ചിരിക്കുന്നത് പോലെ ശബ്ബത്ത്, സാമൂഹിക-ദയ, സ്വയം ത്യജിക്കൽ എന്നീ കേന്ദ്ര ആശയങ്ങൾ തമ്മിലുള്ള മറ്റ് ബന്ധങ്ങൾ നോക്കുക: ആഴ്ച തോറുമുള്ള അദ്ധ്വാനത്തിൽ നിന്നുമുള്ള ശബ്ബത്ത് സ്വാതന്ത്ര്യം ജനങ്ങളോടു ദയ യുള്ളതാണ് കാരണം അത് അവരെ ഉന്മേഷമുള്ളവരാക്കുന്നു (പുറ. 23:12; മർക്കൊസ് 2:27); ശബ്ബത്തിൽ ദയയുള്ള പ്രവർത്തികൾ അനുയോജ്യമാണെന്ന് യേശു കാണിച്ചു (മർക്കൊസ് 3:1–5; യോഹ. 5:1–17); ശരിയായ ശബ്ബത്ത് ആചരണം സന്തോഷം നല്കുന്നു (യെശ. 58:14) അതുപോലെ മറ്റുള്ളവരെ സഹായിക്കുന്നതും (യെശ. 58:10,11). ഈ അനുഗ്രഹങ്ങൾ നിങ്ങൾക്കുതന്നെ അനുഭവിക്കാൻ നിങ്ങളുടെ ജീവി തത്തിൽ എന്തു മാറണം?

## കൂടുതൽ പഠനം:

സ്വയം ത്യജിക്കൽ കൂടാതെ ആർക്കും തന്നെ ഔദാര്യത ശീലിക്കാൻ ആകില്ല. ലാളിത്യം സ്വയം - ത്യജിക്കൽ, മിതവ്യയം എന്നിവയുള്ള ഒരു ജീവിതത്തിലൂടെ മാത്രമേ, ക്രിസ്തുവിന്റെ പ്രതിനിധികൾ എന്ന നിലയിലുള്ള വേല പൂർത്തിയാക്കാൻ നമുക്കു സാധിക്കൂ. അഹന്തയും ലൗകീക അഭിലാഷങ്ങളും നമ്മുടെ ഹൃദയങ്ങളിൽനിന്നു പുറത്താക്കണം. നമ്മുടെ സകല പ്രവൃത്തിയിലും, ക്രിസ്തുവിന്റെ ജീവിതത്തിൽ വെളിവാക്കപ്പെട്ട നിസ്വാർത്ഥതയുടെ തത്വം നടപ്പിലാക്കണം. നമ്മുടെ ഭവനങ്ങളുടെ ഭിത്തികളിലും, ചിത്രങ്ങളിലും, സജ്ജീകരണങ്ങളിലും നാം ഇങ്ങനെ വായിക്കേണ്ടതുണ്ട്, "പുറത്താക്കപ്പെട്ട ദരിദ്രരെ നിങ്ങളുടെ വസ്ത്രങ്ങൾ സൂക്ഷിക്കുന്ന അലമാരയിൽ, ദൈവത്തിന്റെ വിരലുകൾ കൊണ്ട് എഴുതിയതുപോലെ നാം കാണണം, 'നഗ്നരെ ഉടുപ്പിക്കുക' ആഹാരം നിറഞ്ഞിരിക്കുന്ന ഊണുമുറിയിലെ മേശയിൽ പതിഞ്ഞിരിക്കുന്നതായി നാം കാണണം 'വിശപ്പുള്ളവന് നിന്റെ അപ്പം നുറുക്കിക്കൊടുക്കുക" (യെശ. 58:7). E. G. White, The Ministry of Healing, P. 206.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. **അവന്റെ കാലത്തെ ജനങ്ങളോട് യെശയ്യാവ് ചോദിച്ച ചോദ്യം നോക്കുക: "അപ്പമല്ലാത്തതിനു ദ്രവ്യവും തൃപ്തിവരുത്താത്തതിനു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്?" (യെശ. 55:2). നിങ്ങളോടു തന്നെ ചോദിക്കുക, എന്തെങ്കിലും ഉണ്ടെങ്കിൽ, ഏതു രീതികളിലാണ്, നാം അതേ കാര്യം ചെയ്യുന്നത്, തൃപ്തിവരുത്താത്തതിന്നായി അദ്ധ്വാനിക്കുന്നത്? അതേ കെണിയിൽ വീഴാൻ എന്തുകൊണ്ട് വളരെ എളുപ്പമാണ്?**

2. **സ്വയം – ത്യജിക്കൽ, സാമൂഹിക ദയ, ശബ്ബത്ത് എന്നിവ പാപപരിഹാര ദിവസത്തിൽ യെശയ്യായുടെ കാലത്ത് പ്രധാനം ആയിരുന്നെങ്കിൽ, അവ അന്ത്യകാലത്തെ പാപപരിഹാര ദിവസത്തിൽ അതേപോലെ പ്രധാനമാണോ? (ദാനി. 8:14), ആ കാലയളവിൽ ദൈവത്തിന്റെ യോബേൽ കാഹളം ക്രിസ്തുവിന്റെ രണ്ടാവരവിൽ സമ്പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ അടയാളം നല്കും (1 കൊരി. 15:32; ലേവ്യ. 25:9 മായി താരതമ്യം ചെയ്യുക) നിങ്ങളുടെ ഉത്തരം വിശദമാക്കുക.**

3. **ക്ലാസ്സിൽ ശബ്ബത്ത് അനുഷ്ഠാനത്തെക്കുറിച്ച് ഒരു ചർച്ച നടത്തുക. ശബ്ബത്തിൽ നമ്മുടെ സ്വന്തം ഇഷ്ടം ചെയ്യുന്നതിൽനിന്ന് നാം തിരിയണം എന്ന് യെശയ്യാവ് പറയുമ്പോൾ അവൻ എന്താണ് അർത്ഥമാക്കുന്നത് എന്നാണു നിങ്ങൾ ചിന്തിക്കുന്നത്, എന്നാൽ അതേസമയം, അതിനെ ഒരു സന്തോഷമെന്ന് എണ്ണുകയും (യെശ. 58:13)?. നമുക്ക് എങ്ങനെയാണ് രണ്ടും ചെയ്യാൻ കഴിയുക? യെശ. 58 ന്റെ സമ്പൂർണ്ണ ഉള്ളടക്കത്തിന്റെ പശ്ചാത്തലം മനസ്സിൽ വെയ്ക്കുക.**

**സംഗ്രഹം: യെശ. 55 ലും 58 ലും പ്രവാചകൻ ജനങ്ങളോട് അവരുടെ വിചാരങ്ങളും വഴികളും ഉപേക്ഷിച്ച് ദൈവത്തിലേക്ക് തിരികെവരുവാൻ ആഹ്വാനം ചെയ്യുന്നു കാരണം അവരുടെ സന്തോഷത്തിനായുള്ള അവന്റെ ലക്ഷ്യം അവരുടേതിനേക്കാൾ വളരെ ഉന്നതമാണ്. അവൻ കരുണയോടെ ക്ഷമിക്കുകയും, ക്ഷമ ലഭിച്ചവർ കരുണയുള്ളവരായിരിക്കണമെന്നു നിർബന്ധിക്കയും ചെയ്യുന്നു. ശബ്ബത്തിന്റെയും പാപപരിഹാര ദിവസത്തിന്റെയും ആത്മാവിന് ഐക്യപ്പെട്ട്, കാരണം ദൈവത്തിന്റെ ക്ഷമ എന്ന ദാനം, യഥാർത്ഥത്തിൽ ലഭിക്കുകയാണെങ്കിൽ, അത് ഹൃദയത്തിന് മാറ്റം വരുത്തുന്നു.**